LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.സി. കരാറനുസരിച്ച് അവസാന ക്വാർട്ടർ മരുന്നുകൾ നൽകാത്ത കമ്പനികൾ

141 (4576) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷത്തെ ഡി.പി.സി. കരാറനുസരിച്ച് അവസാന ക്വാർട്ടർ മരുന്ന് നൽകാത്ത കമ്പനികളുണ്ടോ ; ഉണ്ടെങ്കിൽ അവ എത്ര കമ്പനികൾ ; അവ ഏതെല്ലാം ; അവർ നൽകുന്ന മരുന്നുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ

142 (4577) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികൾക്കാവശ്യമുള്ള ഉപകരണങ്ങൾ ടെണ്ടർ വ്യവസ്ഥ പ്രകാരമാണോ വാങ്ങുന്നത് ;

(ബി) ഇതുവരെ എത്ര ഇൻസിനറേറ്റർ വാങ്ങിച്ചു ; ഇവയിൽ എത്ര എണ്ണം സ്ഥാപിച്ചുവെന്ന് പറയാമോ ;

(സി) പ്രസ്തുത ഉപകരണം ടെണ്ടർ ഉറപ്പിച്ചുനൽകിയാൽ എത്ര ദിവസത്തിനകം സ്ഥാപിക്കണമെന്നതാണ് ടെണ്ടർ വ്യവസ്ഥ ;

(ഡി) മെഡിക്കൽ കോളേജാശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുതുക ലഭിച്ചു ; ഇതിൽ എന്തുതുക ചെലവഴിച്ചു ;

(ഇ) കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടോ ; എങ്കിൽ എത്ര ; കേന്ദ്ര സർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ സംസ്ഥാന ധനവകുപ്പ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജാശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ ടെണ്ടർ വ്യവസ്ഥ പ്രകാരമാണ് വാങ്ങുന്നത്.